(ബി) പൊതുജനങ്ങളുടെടുക്കുന്ന നിയമസഭ പാസാക്കിയതാണ സെയിൽസ് ടാക്സ് ആക്ട്. അതിനു ഭേദഗതി വേണമെങ്കിൽ സഭയ്ക്കുതന്നെ ചെയ്യാവുന്നതാണ്.

ശ്രീമതി ദേവകി ഗോപിദാസ് : കഴിഞ്ഞ ദിവസം ഒരു സ്ഥലത്തു മാത്രമെ സെയിൽസ് ടാക്സ് ഈടാക്കാൻ പാടുള്ളു എന്നു ഒരു പ്രമേയം ആലപ്പുഴ വാണിജ്യമണ്ഡലം പാസാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ പല അഭിപ്രായങ്ങളുമുണ്ട്.

ശ്രീ. വറുഗീസ് അഗസ്റ്റ്യൻ : സിംഗിൾ പായിൻറ് ആക്കണമെന്നസംഘടനകളുടെ നിവേദനങ്ങളും വന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : നിവേദനങ്ങളും വന്നിട്ടുണ്ട്. അതിനു ചില പ്രയാസങ്ങളുണ്ടെന്നു ഗവണ്മെണ്ടു അറിയിച്ചിട്ടുമുണ്ട്.

ശ്രീ. വറുഗീസ് അഗസ്റ്റ്യൻ : അതിനുള്ള പ്രയാസങ്ങളും എന്തെല്ലാമാണ്?

ശ്രീ. എ. ജെ. ജാൺ : സിംഗിൾ പായിൻറ ആക്കുമ്പോൾ ആ നികുതിയിലുള്ള ആദായം വളരെ കുറയുമെന്നാണ് കാണുന്നതു.

ശ്രീ. വി. ഗംഗാധരൻനായർ : ഇപ്പോഴുള്ള പൊതുജനാഭിപ്രായം ഈ നിയമസഭ പ്രതിനിധീകരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു, വളരെ ഭൂരിപക്ഷമായി പ്രതിനിധീകരിക്കുന്നുണ്ടു.

OATH OF ALLEGIANCE

*632. [14] **Sri. N. V. Chacko:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether any officers or officials of the State had or have to take oaths of allegiance to the Central Government; and

(*b*) whether these officers or officials have to take or had taken oaths of allegiance to the Government of the State?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No, but all full-time Government servants have to take the oath of allegiance to the Indian Union.

(*b*) Not specifically, as the State is part of the Union.

STATE FORCES

*633. [15] **Sri. N. V. Chacko:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether there are State Forces which are entirely independent of the control of the Central Government or Central Military Department; and

(*b*) if so what the functions of such forces are?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No; but there is a separate section called the Palace Guards which is under the control of this Government.

(*b*) The main function of Palace Guards is to provide guard duties and take part in the ceremonial functions.

ശ്രീ. എൻ. വി. ചാക്കോ : പാലസ് ഗാർഡ് ഈ രാജ്യത്തെ ആഭ്യന്തരമായ സമാധാനത്തെ രക്ഷിക്കുന്നതിനാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : ആവശ്യമെന്നു കാണുന്ന അവസരങ്ങളിൽ ഇൻഡ്യാഗവണ്മെന്റിന്റെ അനുമതിയോടുകൂടി അവക്കും പങ്കെടുക്കാവുന്നതാണ്.

ശ്രീ. എൻ. വി. ചാക്കോ : പാലസു ഗാർഡിന്റെ സംഖ്യ എത്രയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : ൪ ൦ ൦.

ശ്രീ. പി. കെ. ഡീവർ : ക്ഷേത്രങ്ങളിൽ പാലസു ഗാർഡിലെ ആളുകളെ ഡ്യൂട്ടിക്കു നിയോഗിക്കാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്.

ശ്രീ. പി. കെ. ഡീവർ : അതിനു വല്ലതും പ്രതിഫലമായി വാങ്ങുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല, ഈ പതിവു പദ്മനാഭസ്വാമി ക്ഷേത്രത്തിൽ മാത്രമെയുള്ളു.

ശ്രീ. പി. കെ. ഡീവർ : ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഗാർഡു് കൊടുക്കുന്നതിനു് ആ ക്ഷേത്രത്തിൽ നിന്നും ഒന്നും വാങ്ങിക്കാത്തതു എന്തു കൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആ ഒരു ക്ഷേത്രത്തിൽ മാത്രമെ ഗാർഡു കൊടുക്കുന്നുള്ളു.

ശ്രീ. പി. കെ. ഡീവർ : തിരുപ്പുണിത്തുറ ക്ഷേത്രത്തിലെ ഗാർഡു നിറുത്തിയിരിക്കുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : നിറുത്തിയിരുന്നു, രണ്ടാമതു ഗാർഡു കൊടുക്കുന്നതിനുള്ള അധികാരമുണ്ടെന്നു തീരുമാനിച്ചതനുസരിച്ചു വീണ്ടും ഗാർഡു കൊടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. ഡീവർ : ദേവസ്വത്തിൽനിന്നും അതിനു വല്ലതും കൊടുക്കേണ്ടി വരുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഒന്നും കൊടുക്കേണ്ടി വരികയില്ല.

Sahib Bahadur A.Abdul Razaak: Is there any special reason for guarding these temples?

Sri. T. K. Narayana Pillai : I do not know; the temples stand in need of such protection, perhaps.

ശ്രീ. സി. വി. ഇയ്യു : പാലസു് ഗാർഡിൽ നിയമിക്കപ്പെടാതെയും ഇൻഡ്യൻ പട്ടാളത്തിൽ എടുക്കാതെയും എത്ര ഉദ്യോഗസ്ഥന്മാർ ഇപ്പോൾ പുറത്തു പോകേണ്ടി വന്നിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു് പ്രത്യേകമായി ഒരു ചോദ്യം വരുന്നുണ്ടു്.

HOUSING PROGRAMME

*634. [16] **Sri. Paul Thaliath :** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Government have received any instructions from the Government of India suggesting improvement in the housing programme now followed;

(*b*) if so the nature of the directions;

LIBRARY ARCHIVES Kerala Legislative Assembly